**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 206** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>മരുന്നുകളുടെ ജനറിക് നാമം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഗവ. ആശുപത്രികളിലെയും മെഡിക്കൽ കോളേജുകളിലെയും ഡോക്ടർമാർ മരുന്ന് കുറിപ്പടികളിൽ മരുന്നുകളുടെ ജനറിക് നാമം രേഖപ്പെടുത്തുന്നതിൽ വൈമുഖ്യം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** എല്ലാ മെഡിക്കൽ ഓഫീസർ/ഡോക്ടർമാർക്ക്, മരുന്ന് കുറിപ്പടികളിൽ ജനറിക്ക് നാമം എഴുതുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ബി)** ജനറിക് നാമം രേഖപ്പെടുത്താതെയുള്ള മരുന്ന് കുറിപ്പടികൾ ഒഴിവാക്കുന്നതിന് ഡോക്ടർമാർക്ക് നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** സ്വകാര്യ മരുന്ന് കമ്പനികൾക്കും മെഡിക്കൽ ഷോപ്പുകൾക്കും സ്വാധീനപ്പെടുന്ന ഡോക്ടർമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

**<u>മറുപടി:</u>** സ്വകാര്യ മരുന്ന് കമ്പനികളുടെയോ, മെഡിക്കൽ ഷോപ്പുകളുടെയോ സ്വാധീനത്തിന് വിധേയമായി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുന്നതോ, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം 1960-ലെ വ്യവസ്ഥകൾ ലംഘിക്കുന്നതോ ആയ റിപ്പോർട്ട്/പരാതി ലഭ്യമായാൽ നിലവിലുള്ള സർവീസ് ചട്ടങ്ങൾ പ്രകാരം അന്വേഷണം നടത്തി ബന്ധപ്പെട്ട ഡോക്ടർമാർക്കെതിരെ Kerala Civil Services (Classification, Control & Appeal) Rules, 1960-ലെ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടികൾ നിലവിൽ സ്വീകരിച്ച് വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**